**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3539** **08-10-2025 - ൽ മറുപടിയ്ക്ക്**

**പാട്ട വ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞും പാട്ട വ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന ഭൂമിയും കെട്ടിടങ്ങളും തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിക്കപ്പെട്ടിട്ടുള്ളതും പാട്ടക്കാലാവധി കഴിഞ്ഞു കൈവശം വച്ചിരിക്കുന്നതുമായ സർക്കാർ ഭൂമികളിൽ പാട്ടക്കുടിശ്ശിക നിലവിലുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നിയമാനുസൃത നോട്ടീസ് നൽകുകയും തുക ഒടുക്ക് വരുത്താത്ത പക്ഷം കക്ഷിക്കെതിരെ 1968 ലെ റവന്യൂ റിക്കവറി നിയമ പ്രകാരമുള്ള നടപടികളിലൂടെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ പാട്ടം റദ്ദ് ചെയ്ത് 1958 ലെ കേരള ഭൂമി സംരക്ഷണ ചട്ടങ്ങൾ പ്രകാരം ഭൂമി സർക്കാർ അധീനതയിലേക്ക് തിരികെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ബി) | എത്ര ഹെക്ടർ ഭൂമിയും എത്ര കെട്ടിടങ്ങളുമാണ് ഇപ്രകാരം കൈവശം വെച്ചിട്ടുള്ളത്; വിശദാംശം ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (ബി) | വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) | പാട്ടക്കുടിശിക ഇനത്തിൽ സംസ്ഥാന സർക്കാരിന് നിലവിൽ എത്ര തുക ലഭിക്കാനുണ്ട്; വിശദാംശം ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരുടെ വിവരങ്ങളും ഇവരിൽ നിന്നും പാട്ടകുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | ജില്ല | സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും എണ്ണം | പാട്ടക്കുടിശ്ശിക |
|---|---|---|---|
| 01 | തിരുവനന്തപുരം | 157 കേസുകൾ | 1047009891/- |
| 02 | കൊല്ലം | 16 കേസുകൾ | 33/-കോടി രൂപ |
| 03 | ആലപ്പുഴ | 52 കേസുകൾ | 27494540/- |
| 04 | പത്തനംതിട്ട | 2 കേസുകൾ | - |
| 05 | കോട്ടയം | 6 കേസുകൾ | 144596784/- |
| 06 | ഇടുക്കി | 256 കേസുകൾ | 554783/- |
| 07 | എറണാകുളം | 60 കേസുകൾ | 280/-കോടി രൂപ |
| 08 | തൃശ്ശൂർ | 15 കേസുകൾ | 2013393651/- |
| 09 | പാലക്കാട് | 1 കേസുകൾ | 9856476/- |
| 10 | മലപ്പുറം | 2 കേസുകൾ | 19306877/- |
| 11 | കോഴിക്കോട് | 10 കേസുകൾ | 191457790/- |
| 12 | വയനാട് | 1 കേസുകൾ | 475481/- |
| 13 | കണ്ണൂർ | 2 കേസുകൾ | 231929/- |
| 14 | കാസർഗോഡ് | 4 കേസുകൾ | 68679513/- |